# പോലീസ് വകുപ്പ്

## കേരളം

**No. E1-7293/2015/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
തൃശ്ശൂർ
cmdtkap1.pol@kerala.gov.in
04872328309
തീയതി. 14-03-2018

### ലേല പരസ്യം

കെഎപി 1 ബറ്റാലിയനിലെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതും ടി യൂണിറ്റിലേക്ക് ഇനി ആവശ്യമില്ലാത്തതും ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ ഐറ്റംസ്, കുക്കിങ് വെസ്സൽസ് (അലുമിനിയം , ഓട് , ചെമ്പ്) , ട്രെയിനിങ് & ഡ്യൂട്ടി എക്യുപ്മെൻറ്സ് , ഫർണീച്ചറുകൾ , മറ്റ് സാധനങ്ങൾ 2018 ഏപ്രിൽ മാസം 4 -)0 തീയ്യതി പകൽ 11 മണിക്ക് തൃശ്ശൂർ രാമവർമ്മപുരത്തുള്ള കെഎപി 1 ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ ലേല സ്ഥലത്തു നിശ്ചിത സമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ₹8,050 /- ( എണ്ണായിരത്തി അൻപത് രൂപാ മാത്രം) രൂപാ നിരതദ്രവ്യം അടച്ച രസീത് വാങ്ങേണ്ടതുമാണ്. ലേലത്തിൽ മുദ്ര വെച്ച ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആയത് 2018 ഏപ്രിൽ മാസം 3-)0 തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി കെഎപി 1 ബറ്റാലിയൻ തൃശ്ശൂരിൽ ലഭിക്കത്തക്ക വിധം നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ടെണ്ടർ സമർപ്പിക്കുന്നവർ നിരത ദ്രവ്യം ഒടുക്കിയ രസീത് ടെണ്ടറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ കവറിനു മുകളിൽ " ഉപയോഗ ശൂന്യമായ സാധനങ്ങളുടെ ലേലം " എന്നു എഴുതിയിരിക്കണം. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ അവ നൽകിയവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ലേലം / ടെണ്ടർ ഇവയിൽ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുസരണമുള്ള നികുതി ( 18% ജിഎസ്ടി ) അടക്കമുള്ള ലേലം / ടെണ്ടർ തുകയുടെ പകുതി ലേല സ്ഥലത്തു വെച്ച അടക്കേണ്ടതും ബാക്കി തുക ലേലം / ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് സാധന സാമഗ്രികൾ സ്വന്തം ചിലവിൽ കൊണ്ട് പോകേണ്ടതാണ്. എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 5 മണി വരെ ലേലം ചെയ്യപ്പെടുവാൻ തീരുമാനിച്ചിട്ടുള്ള സാധനങ്ങൾ അസി:കമാണ്ടൻറ്(ക്യൂഎം) ൻറെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊള്ളുന്നയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ലേലം ചെയ്ത വസ്തുക്കൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. ആയത് മൂലം ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

യാതൊരു കാരണവും കാണിക്കാതെ ഈ പരസ്യ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം കമാണ്ടൻറ്, കെഎപി ഒന്നിൽ നിക്ഷിപ്തമാണ്. ലേലം നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും ഈ ലേലത്തിന് ബാധകമാണ്.



പൂങ്കുഴലി ജി
കമാണ്ടൻറ്

| | | |
|---|---|---|
| സ്വീകർത്താവ് | : | അസി:കമാണ്ടൻറ്(ക്യൂഎം) ന്റെ അറിവിലേക്ക്. |
| പകർപ്പ് | : | 1) സംസ്ഥാന പോലീസ് മേധാവി,കേരളം,തിരുവനന്തപുരം, (എഡിജിപി,എപിബി മുഖാന്തിരം (ആമുഖ കത്ത് സഹിതം)) , എല്ലാ പോലീസ് മേധാവികൾക്കും, എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും, എല്ലാ ബറ്റാലിയൻ കമാണ്ടൻറുമാർക്കും ആവശ്യമായ പരസ്യത്തിലേക്ക്. 2) ഡയറക്ടർ ജനറൽ എസ്സിആർബി-ക്ക് വെബ്സൈറ്റ് പ്രചാരണത്തിനായി. 3) തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖല സെക്രട്ടറിക്ക് 5 പകർപ്പുകൾ പ്രചാരണത്തിന് 4) കെഎപി 1 ബറ്റാലിയൻ ഡെപ്യൂട്ടി കമാണ്ടൻറ്, എല്ലാ അസി:കമാണ്ടൻറുമാർക്കും, അഡ്മിനിട്ട്സ്റേറ്റീവ് അസിസ്റ്റൻറ്, മാനേജർ ,ജൂനിയർ സൂപ്രണ്ട്, കാഷ്യർ, കമാണ്ടൻറിൻറെ സിഎ എന്നിവരുടെ അറിവിലേക്ക്. 5) സ്റ്റോക്ക് ഫയലിലേക്ക്, നോട്ടീസ് ബോർഡിലേക്ക്. |